ബോർഡ് പെൻഷൻ ഏകീകരിക്കുകയും സാമൂഹ്യ സുരക്ഷാ പെൻഷന് ആനുപാതികമായി വർദ്ധിപ്പിച്ച് പ്രതിമാസം 1200 രൂപ നിരക്കിലാക്കുകയും ആയത് സാമൂഹ്യ സുരക്ഷാ പെൻഷനോടൊപ്പംതന്നെ വിതരണം ചെയ്തുവരികയുമാണ്. നിലവിൽ വിഷു, ഓണം, ക്രിസ്തുമസ് എന്നീ ഉത്സവകാലങ്ങളിലാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിവരുന്നത്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വീടുകളിൽ എത്തിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ താൽപര്യാർത്ഥം പ്രാഥമിക സഹകരണ സംഘങ്ങൾ വഴി നേരിട്ട് നൽകുകയോ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ തുക നിക്ഷേപിക്കുകയോ ആണ് ചെയ്തുവരുന്നത്. എല്ലാ ക്ഷേമനിധി/സാമൂഹ്യ സുരക്ഷാ പെൻഷനുകളും 1300 രൂപയായി ഉയർത്തുമെന്ന് 2020-21-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

## സാമൂഹ്യസുരക്ഷാ പെൻഷൻ

74 (2332) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2019 ഡിസംബർ 31 വരെ സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ എത്ര പേർക്ക് എത്ര കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2019 ഡിസംബർ 31 വരെ ആകെ 4734110 ഗുണഭോക്താക്കൾക്കായി 19030.34 കോടി രൂപയാണ് സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ക്ഷേമനിധി പെൻഷനായി 678164 പേർക്ക് 3129.72 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്.

## സാലറി ഹെഡ്ഡിൽനിന്നുള്ള ചെലവ്

75 (2333) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഏപ്രിൽ മുതൽ ഡിസംബർ 31 വരെ ഓരോ മാസവും സാലറി ഹെഡ്ഡിൽനിന്നുണ്ടായ ചെലവിന്റെ വിശദവിവരം നൽകാമോ;

(ബി) പ്രസ്തുത ഹെഡ്ഡിൽ ഏതെല്ലാം വിഭാഗങ്ങളുടെ സാലറിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ ആകെ ലഭിച്ച റവന്യൂവിന്റെ എത്ര ശതമാനമാണ് ടി കാലയളവിൽ സാലറി ഹെഡ്ഡിൽനിന്നും ചെലവഴിച്ചിട്ടുള്ളത്; വിശദവിവരം നൽകാമോ?



LIBRARY ARCHIVES Kerala Legislative Assembly